## (59.) നെടുമൺകാവ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

നാല് ദശാബ്ദങ്ങൾ മാത്രം ചരിത്രമുറങ്ങുന്ന മലയോര കർഷക ഗ്രാമമാണ് നെടുമൺകാവ്. ധാരാളം കാവുകൾ (നെടുനീളെ കാവുകൾ) ഉള്ളതുകൊണ്ടാവും ദേശത്തിന് ഈ നാമം ഉണ്ടായത്. കൂടൽ- ചന്ദനപ്പള്ളി റോഡിന്റെ ഇരുവശവുമായി കിടക്കുന്ന മനോഹരമായ ഒരു പ്രദേശം.

ദേശത്തിന്റെ ആത്മീയ ഉണർവിന് തിരികൊളുത്തിയത് 1946 ആഗസ്റ്റ് 15 പരിശുദ്ധമാതാവിന്റെ സ്വർഗാരോപണ തിരുനാളിന് ആണെന്നുള്ളത് ഏവർക്കും സന്തോഷം പകരുന്ന ഒന്നാണ്. തുമ്പമൺ പുത്തൻവീട്ടിൽ തോമാച്ചനും (അലക്സാണ്ടർ ജേക്കബ് ഐ.പി.എസിന്റെ പിതാമഹൻ) മലഞ്ചരുവിൽ മത്തായിസാറും (മലങ്കര കത്തോലിക്കാ സഭയുടെ ആദ്യത്തെ മേജർ ആർച്ചു ബിഷപ്പും കാതോലിക്കാ ബാവായുമായിരുന്ന സിറിൽ മാർ ബസേലിയോസിന്റെ പിതാവ്) ആയിരുന്നു ഈ ദേവാലയിന്റെ നിർമ്മാണത്തിന് ചുക്കാൻ പിടിച്ചത്.

അവർ രണ്ടുപേരും നെടുമൺകാവിൽ വന്ന് വേട്ടകുളത്ത് തോമാച്ചനുമായി സംസാരിച്ചു. വന്ദ്യ ഗീവർഗീസ് കുറ്റിയിൽ (കറ്റാനം) അച്ചന്റെ നേതൃത്വത്തിൽ വേട്ടകുളത്ത് തോമാച്ചന്റെ കുടുംബത്തോടൊപ്പം ചേർന്ന അഞ്ചു കുടുംബങ്ങളെ സാക്ഷിയാക്കി വേട്ടകുളത്ത് തോമ്മാച്ചന്റെ വീടിനോടുചേർന്ന കെട്ടിടത്തിൽ ആദ്യ വിശുദ്ധ കുർബാനയർപ്പിച്ചു. അരിവണ്ണൂർ, മാവേലിൽ, മുരുപ്പേൽ (ചരുവിളയിൽ), കരിങ്ങാട്ടിൽ, കരിമ്പുംമണ്ണിൽ എന്നിവയായിരുന്നു മറ്റു കുടുംബങ്ങൾ.

1948 ആഗസ്റ്റ് 15-ാം തീയതി വേട്ടകുളത്ത് കുടുംബം നല്കിയ സ്ഥലത്ത് വന്ദ്യ ജോസഫ് വടക്കേക്കൂറ്റ് അച്ചന്റെ പരിശ്രമത്തിൽ പണിതുയർത്തിയ ചാപ്പലിന്റെ കൂദാശാകർമ്മം ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയാണ് നിർവഹിച്ചത്. അതിനുശേഷം അത്ഭുതാവഹമായ വളർച്ചയാണ് ഈ കൂട്ടായ്മയുണ്ടായത്. നിരന്തര ദൈവസാന്നിധ്യമുള്ള ധാരാളം വൈദികരുടെ നിസ്വാർത്ഥ സേവനം കാലാകാലങ്ങളിലുണ്ടായി എന്നുള്ളത് ദൈവത്തിന്റെ പ്രത്യക്ഷമായ ഇടപെടലിന്റെ ലക്ഷണം തന്നെയായിരുന്നു.

വന്ദ്യ തോമസ് ആയിരുകുഴി അച്ചൻ, വന്ദ്യ സിറിയക് മണവാളൻ അച്ചൻ, വന്ദ്യ ആന്റണി കേളംപറമ്പിൽ അച്ചൻ, വന്ദ്യ ഗീവർഗീസ് ചുട്ടിവട്ടത്ത് അച്ചൻ എന്നിവർ ആദ്യകാലങ്ങളിൽ ആത്മീയ നേതൃത്വം കൊടുത്തിരുന്നു. 1981-ൽ ജോസഫ് വടക്കേക്കൂറ്റ് അച്ചന്റെ രണ്ടാമത്തെ ശുശ്രൂഷാ കാലത്ത് ഇന്നത്തെ നിലയിലുള്ള ദേവാലയം സ്ഥാപിച്ചു. ഭാഗ്യസ്മരണാർഹനായ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പിതാവിന്റെ നേതൃത്വത്തിൽ കൂദാശാകർമ്മം നടത്തുകയും ചെയ്തു. അതിനുശേഷമുള്ള കാലഘട്ടങ്ങളിൽ ഇടിക്കുള പാണ്ടിയത്ത് അച്ചൻ, മാത്യു വാഴപ്പിള്ളേത്ത് റമ്പാൻ, ജേക്കബ് കളിയന്താനത്തച്ചൻ, തോമസ് കാക്കനാട്ടച്ചൻ, ഗീവർഗീസ് പെരുമലയച്ചൻ, യോഹന്നാൻ മുളമൂട്ടിലച്ചൻ എന്നിവർ സേവനം അനുഷ്ഠിച്ചു.

പത്തനംതിട്ട രൂപതയുടെ ഭരണത്തിൽ കീഴിൽ ആയപ്പോൾ മുതൽ ജോൺ കുറ്റിയിലച്ചൻ, ജോസ് കളവിളയച്ചൻ, വർഗീസ് സാമുവേലച്ചൻ എന്നീ ശ്രേഷ്ഠവൈദികരും ഈ ദേവാലയിൽ ശുശ്രൂഷ അനുഷ്ഠിച്ചു.

മിഷൻ കേന്ദ്രമായി മാത്രം പ്രവർത്തിച്ചിരുന്ന ഈ ദേവാലയം ഒരു സ്വതന്ത്ര ദേവാലയമായത് പത്തനംതിട്ട രൂപതാ രൂപീകരണിനുശേഷമാണ്. പരിമിതമായ ചുറ്റുപാടിലും സാഹചര്യങ്ങളിലും ആദ്യത്തെ പൂർണ്ണമായ ചുമതലവഹിച്ചത് ജോൺ കുറ്റിയിലച്ചനാണ്. അതുപോലെ മുൻ വികാരിയായിരുന്ന ഗീവർഗീസ് പെരുമലയച്ചന്റെ കാലത്ത് പാരീഷ്ഹാളിനായി സ്ഥലം വാങ്ങുകയും ജോൺ കുറ്റിയിലച്ചൻ പണി ആരംഭിക്കുകയും നിർമ്മാണം പൂർത്തീകരിച്ചത് ജോസ് കളവിളയച്ചന്റെ കാലാണ്.

വൈദീകർക്ക് താമസിക്കാനായ ഒരു പുതിയ വൈദീകമന്ദിരം പണികഴിപ്പിച്ചത് വർഗീസ് സാമുവേലച്ചനാണ്. കാലാകാലങ്ങളിൽ നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച വികാരിമാരുടെ അക്ഷീണപരിശ്രമഫലമായാണ് ഇന്നത്തെ ഈ ദേവാലയം. ഇപ്പോൾ ദേവാലയിൽ ശുശ്രൂഷ ചെയ്യുന്നത് പോൾ നിലയ്ക്കൽതെക്കേതിൽ അച്ചനാണ്. ഈ ഇടവകയിലെ തന്നെ അംഗമായിരുന്ന പരേതനായ ഫിലിപ്പോസ് തോമസ് കൊച്ചുകല്ലിൽ അച്ചൻ. കാല

യവനികയ്ക്കുള്ളിൽ മൺമറഞ്ഞുപോയെങ്കിലും ഓരോ ഇടവകാംഗത്തിന്റേയും മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ഒരു ആത്മീയ വ്യക്തിത്വത്തിന് ഉടമയാണ് അദ്ദേഹം. ഇപ്പോൾ വൈദികനായി സേവനം ചെയ്യുന്ന ഏബ്രഹാം മേപ്പുറത്ത് അച്ചൻ, ജോഷ്വാ മാവേലിൽ അച്ചൻ എന്നിവർ ഈ ഇടവകയുടെ മക്കളാണ്. അക്രൈസ്തവ കുടുംബത്തിൽ നിന്ന് ഇടവകയിൽ ചേർന്ന് സന്യാസിനിയായ സിസ്റ്റർ സഘ്യ എസ്.ഐ.സി യും ഈ ഇടവക യുടെ മകളാണ്.

ഇപ്പോൾ ഈ ഇടവകയിൽ 110 കുടുംബംഗങ്ങൾ ഉണ്ട്.

**<u>നെടുമൺകാവ് ഇടവകയിൽ സേവനം ചെയ്ത വൈദികർ</u>**

1. ഫാ. ഗീവർഗീസ് കുറ്റിയിൽ
2. ഫാ. ജോസഫ് വടക്കേക്കൂറ്റ്
3. ഫാ. ജോസഫ് വാഴപ്പിള്ളേത്ത്
4. ഫാ. തോമസ് അരീക്കുഴിയിൽ
5. ഫാ. സിറിയക് മണവാളൻ
6. ഫാ. ജോഷ്വാ
7. ഫാ. ഡാനിയേൽ ചെന്നീർക്കര
8. ഫാ. ഗീവർഗീസ് ചുറ്റിവട്ടം
9. ഫാ. ആന്റണി കേളാംപറമ്പിൽ
10. ഫാ. പെരുമല
11. ഫാ. ജോസഫ് വടക്കേക്കൂറ്റ്
12. ഫാ. മക്കീൽ
13. ഫാ. മാത്യു കാലായിൽ
14. ഫാ. ഗീവർഗീസ് ചുറ്റിവട്ടം
15. ഫാ. ഇടിക്കുള പാണ്ടിയത്ത്
16. ഫാ. മാത്യു വാഴപ്പിള്ളേത്ത്
17. ഫാ. തോമസ് കാക്കനാട്ട്
18. ഫാ. സാം ജി. പരുവേലിൽ
19. ഫാ. ജേക്കബ് കളിയന്താനം
20. ഫാ. ഗീവർഗീസ് പരുമല
21. ഫാ. യോഹന്നാൻ മുളമൂട്ടിൽ
22. ഫാ. ജോൺ കുറ്റിയിൽ
23. ഫാ. ജോസഫ് കളവിള

24. ഫാ. വർഗീസ് സാമുവേൽ

25. ഫാ. പോൾ നിലയ്ക്കൽ തെക്കേതിൽ